CEIA/3033/2026-IC5

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
തീയതി : **03-07-2026**

**നോട്ടീസ്**

സർ,

വിഷയം: - ജലസേചനം – ജീവനക്കാര്യം – ശ്രീ.രാഗേഷ് എൽ കെ, ലാസ്കർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിനായി **31.12.2022** വരെയുള്ള ജില്ലാതല സംയോജിത മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1) ഐസി5-**70544/2022** തീയതി: **21.05.2024** നമ്പർ ഉത്തരവ്.
2) കൊട്ടാരക്കര , കല്ലട ജലസേചന പദ്ധതി (എൽ.ബി) സർക്കിൾ , സൂപ്രണ്ടിങ് എഞ്ചിനീയറുടെ **21.01.2026** തീയതിയിലെ ഇ**4-112/2025** - നമ്പർ കത്ത്.

ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി.ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം നൽകുന്നതിനായി **31-12-2022** വരെയുള്ള ഓഫീസ് അറ്റെൻഡൻറ് മാരുടെ അന്തിമ മുൻഗണനാപട്ടിക സൂചന **1** പ്രകാരം പ്രസിദ്ധീകരിച്ചതിൽ ശ്രീ.രാഗേഷ് എൽ കെ എന്നിവരുടെ പേര് കൂടി ഉൾപ്പെടുത്തുന്നതിനായി സൂചന **2** പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്ന് ശ്രീ.രാഗേഷ് എൽ കെ, **28/10/2014** ലെ കൊല്ലം, ജില്ലാ പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസറുടെ **QRIII(3) 827/10(11)** നമ്പർ നിയമന ശുപാർശയുടെയും കൊട്ടാരക്കര കെ ഐ പി (ആർ.ബി) സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ **10.11.2014** ലെ ഇ**2-2648/09** നമ്പർ നിയമന ഉത്തരവിൻ്റെയും അടിസ്ഥാനത്തിൽ ലസ്ക്കർ തസ്തികയിൽ **17/11/2014** ൽ ജോലിയിൽ പ്രവേശിക്കുകയും **17/11/2015** തീയതി പ്രാബല്യത്തിൽ പ്രസ്തുത തസ്തികയിലെ പരിവീക്ഷാ കാലാവധി തൃപ്തികരമായി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ടെന്നു ബോധ്യപ്പെട്ടതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാവുന്നതാണ്. ആയതിനാൽ സൂചന **(1)** പ്രകാരം നിലവിലുള്ള **31.12.2022** വരെയുള്ള ലാസ്റ് ഗ്രേഡ് ജീവനക്കാരുടെ സംയോജിത മുൻഗണന പട്ടികയിൽ കൊല്ലം ജില്ലയിൽ ക്രമ:നമ്പർ **61** സജി.ആർ നും ക്രമ: നമ്പർ **62** നിബു.ഡി.ഡി ക്കും മദ്ധ്യേ **61A** ആയി ശ്രീ.രാഗേഷ് എൽ നെ

ഉൾപ്പെടുത്താവുന്നതാണ്.

ഇതിന്മേൽ പരാതിയോ ആക്ഷേപമോ ഉള്ളവർ വസ്തുത തെളിയിക്കുവാൻ മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഈ നോട്ടീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ **15** ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. ടി തീയതിക്കുള്ളിൽ പരാതികൾ ഒന്നും തന്നെ ലഭിച്ചില്ലായെങ്കിൽ ശ്രീ.രാഗേഷ് എൽ കെ, ടിയാൻറെ പേര് പ്രസ്തുത മുൻഗണനാ പട്ടികയിൽ ക്രമനമ്പർ **(61A)** ആയി ഉൾപ്പെടുത്തുന്നതാണ്.

Digitally signed by
Sreedevi P
Date: 03-07-2026
22:55:05

SREEDEVI P
CE CEI&A IRRN

ചീഫ് എഞ്ചിനീയർ

പകർപ്പ്:-

1. ശ്രീ.രാഗേഷ് എൽ കെ, ലസ്ക്കർ (മേലധികാരി മുഖേന)
2. സൂപ്രണ്ടിങ് എഞ്ചിനീയർ, കല്ലട ജലസേചന പദ്ധതി (എൽ.ബി), കൊട്ടാരക്കര
3. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഐ.ടി സെൽ, ഇറിഗേഷൻ (നോട്ടീസ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. സീനിയർ സൂപ്രണ്ട്, ബി സെക്ഷൻ